ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീ. എം. എൻ. ഗോവിന്ദൻനായർ അങ്ങനെ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

പഞ്ചായത്ത്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടന.

* 1616. [10] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

പഞ്ചായത്തു്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടനയെത്തുടർന്നു് പഞ്ചായത്തിൽനിന്നും പബ്ലിക് വർക്സിലേക്കു് നിയോഗിച്ച എത്ര ഉദ്യോഗസ്ഥന്മാരെ പോസ്റ്റുചെയ്യാതിരുന്നിട്ടുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

രണ്ടു സൂപ്രണ്ടുമാരെയും ഒരു അപ്പർഡിവിഷൻ ക്ലർക്കിനേയും ഒഴികെ ബാക്കി എല്ലാവരേയും പോസ്റ്റുചെയ്തുകഴിഞ്ഞു. ഈ മൂന്നുപേർക്കും പഞ്ചായത്തു ഡിപ്പാർട്ട്മെൻറിലുണ്ടായിരുന്നതിനു തുല്യമായ തസ്തികകളിൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ നൽകുന്ന കാര്യത്തെപ്പറ്റി ലോക്കൽ ബാഡിസ് ഡയറക്ടറുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : അവരെ പോസ്റ്റുചെയ്യാതായിട്ടു് വളരെക്കാലമായിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദു്: അവരുടെ ലീൻ സംബന്ധിച്ചുള്ള തർക്കമാണു് പോസ്റ്റിംഗിനു താമസമുണ്ടാക്കുന്നതു്.

ശ്രീ. കെ. എ. ബാലൻ : അവർക്കു് ലോക്കൽ ബാഡിസ് ഡയറക്ടറേറ്റിലോ ഫിസിലും, പി. ഡബ്ലിയു. ഡിപ്പാർട്ട്മെൻറിലും ജോലിയില്ലാതെവരുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അങ്ങനെയുള്ള കുഴപ്പമൊന്നും ഇല്ല. അവർ ഇപ്പോൾത്തന്നെ ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്നുണ്ടു്.

തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ.

* 1617. [11] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59 സാമ്പത്തികവർഷത്തിൽ മലബാർ പ്രദേശത്തെ കടൽത്തീരങ്ങളിൽ എവിടെയെല്ലാം തീപിടിത്തംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) അങ്ങനെയുണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിഹരിക്കാൻ എന്തു നടപടികളാണു് സ്വീകരിച്ചു ;

(സി) പൊന്നാനി കടൽത്തീരത്തു് മത്സ്യത്തൊഴിലാളികളുടെ വേനങ്ങൾക്കു തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) കോഴിക്കോട്ട താലൂക്കിലും, പൊന്നാനി താലൂക്കിലും തീപിടിത്തംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) കോഴിക്കോട്ട താലൂക്കിലെ തീപിടിത്തംമൂലം ഷെഡ്ഡുകൾ നശിപ്പെട്തിന് 50 രൂപവീതവും, തീപിടിത്തം കൂടുതൽ വ്യാപിക്കാതിരിക്കാൻ പൊളിച്ചുമാറ്റപ്പെട്ട ഷെഡ്ഡുകളുടെ ഉടമസ്ഥന്മാർക്ക് 30 രൂപവീതവും ധനസഹായം നൽകിയിട്ടുണ്ട്.

(സി) പൊന്നാനിയിലെ തീപിടിത്തംമൂലം ഭവനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക ധനസഹായം ചെയ്യുന്നതിന് പാലക്കാട്ട കളക്ടർക്ക നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞമ്പു : പൊന്നാനിയിൽ വർഷംതോറും ഇങ്ങനെ തീപിടിത്തം ഉണ്ടാകുന്നതുകൊണ്ട് അതിനെ തടയുന്നതിനായി അവിടെ ഒരു അഗ്നിശമനയന്ത്രം ഏർപ്പെടുത്താൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : ഇങ്ങനെ തീപിടിത്തംമൂലം ഭവനങ്ങൾ നശിക്കുന്നവർക്ക് വേണ്ട സഹായം നൽകുന്നതിന് ആർ. ഡി. ഒ. മാരെ ചുമതലപ്പെടുത്തുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കളക്ടർമാർ വഴിക്കാണ് ഇതിനും ധനസഹായം നൽകിവരുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ചോദ്യം (എ) വിഭാഗത്തിൽ മലബാർ പ്രദേശത്തെ കടൽത്തീരപ്രദേശങ്ങളിൽ എവിടെയെല്ലാം തീപിടിത്തംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ് ചോദിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട്ടും, പൊന്നാനിയിലും തീപിടിത്തം ഉണ്ടായ കാര്യമേ പറഞ്ഞുള്ളൂ. ചോദ്യത്തിന്റെ ഉദ്ദേശം കടൽത്തീരത്തു് എവിടെയെല്ലാം തീപിടിത്തം ഉണ്ടായിട്ടുണ്ടെന്നറിയാനാണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : രണ്ടു സ്ഥലത്തെ തീപിടിത്തം സംബന്ധിച്ചാണ് ഇവിടെ വിവരം കിട്ടിയതു്. മറെ വല്ല സ്ഥലത്തും ഉണ്ടായിട്ടുണ്ടോ എന്നന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ആ വിവരം ശരിയല്ല. തിരൂർ, കൂട്ടായി മുതലായ സ്ഥലങ്ങളിൽ തീപിടിത്തമുണ്ടായിട്ടുണ്ട്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതനുസരിച്ചു് അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മലബാറിൽ എല്ലാ കടൽത്തീരപ്രദേശത്തും ഇങ്ങനെ ചില പ്രത്യേക കാലഘട്ടത്തിൽ തീപിടിത്തം ഉണ്ടാകാറുണ്ട്. ഇതിനുമുൻപുള്ള ഗവണ്മെൻറുകളുടെ, ഈ ഗവണ്മെൻറുകളുടെ ഇതിനു എന്തെങ്കിലും പരിഹാര നടപടികളും സ്വീകരിച്ചിട്ടില്ല.

ടൈപ്പിസ്റ്റ് അപ്രന്റീസ്.

* 1618. [12] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ ടൈപ്പിസ്റ്റ് അപ്രന്റീസ് എന്ന ഒരു തസ്തിക നിലവിലുണ്ടോ ;

(ബി) ഈ തസ്തികയിലേക്ക് നിയമനം എന്നു നടത്തുകയുണ്ടായി എന്നും ആരാണ് നിയമിക്കപ്പെട്ടതെന്നും നിയമിക്കപ്പെട്ടയാളിന്റെ യോഗ്യതകളെന്തെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly